**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4272** **18-07-2022 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി ചാർജ്ജ് വർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ സി ആർ മഹേഷ്,<br>ശ്രീ. റോജി എം. ജോൺ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലാഭത്തിലാണെന്നത് വസ്തുതയാണോ എന്ന് അറിയിക്കാമോ; | (എ) | 2021-22-ലെ കണക്കെടുപ്പ് കേരള സംസ്ഥാന വൈദ്യുതി ബോർഡിൽ 2022 ജൂലൈ അവസാനത്തോട്ടുകൂടി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. താല്ക്കാലിക കണക്കുകൾ പ്രകാരം വൈദ്യുതി ബോർഡ് ഏകദേശം 1400 കോടി രൂപയുടെ പ്രവർത്തന ലാഭത്തിലേയ്ക്ക് മാറിയിട്ടുണ്ട്. |
| (ബി) | വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ട് കേരള സംസ്ഥാന വൈദ്യുതി ബോർഡ് ശിപാർശ നൽകിയതിന്റെ വിശദാംശം നൽകാമോ; | (ബി) | സംസ്ഥാനത്തെ വിവിധ വിഭാഗം ഉപഭോക്താക്കളുടെ താരിഫ് നിർണ്ണയിക്കാനുള്ള അധികാരം വൈദ്യുതി നിയമം 2003-ലെ 45,62,86, എന്നീ വകുപ്പുകൾ പ്രകാരം സംസ്ഥാന റെഗുലേറ്ററി കമ്മീഷനിൽ പ്രത്യേക അവകാശമായി നിക്ഷിപ്തമാണ്. കേരളാ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 2021 നവംബർ മാസം 16-ാം തീയതി പുറപ്പെടുവിച്ച താരിഫ് റെഗുലേഷൻ അനുശാസിക്കുന്ന പ്രകാരം സംസ്ഥാനത്തെ നിലവിലുള്ള 2019-ലെ വൈദ്യുതി ചാർജ് പരിഷ്കരിക്കുന്നതിന് കെ.എസ്.ഇ.ബി ലിമിറ്റഡ് സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ ഒരു പെറ്റീഷൻ 10.02.2022-ൽ സമർപ്പിച്ചിട്ടുണ്ട്. ടി പെറ്റീഷനിൽ, വിവിധ വിഭാഗം ഉപഭോക്താക്കളുടെ അടുത്ത അഞ്ച് വർഷത്തേയ്ക്കുള്ള (2022-27) താരിഫ് പരിഷ്കരിക്കുന്നതിനുള്ള ശുപാർശകളാണ് താരിഫ് റെഗുലേഷൻ, 2021 പ്രകാരം നൽകിയിട്ടുള്ളത്. താരിഫ് ഷോക്ക് ഒഴിവാക്കുന്നതിനുവേണ്ടി 2022-23 വർഷത്തേക്ക് 2249 കോടി രൂപയും തുടർന്നുള്ള വർഷങ്ങളിൽ നാമമാത്രമായി |

| | | | |
|---|---|---|---|
| | | | 786, 371, 488, 252 കോടി രൂപ വീതം മാത്രവുമാണ് കമ്മി നികത്തുന്നതിന് വേണ്ടി ശുപാർശ ചെയ്തിട്ടുള്ളത്.<br><br>റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ പണപ്പെരുപ്പം, ഫോസിൽ ഇന്ധനങ്ങൾ, കൽക്കരി തുടങ്ങിയവയിലെ വിലക്കയറ്റം പ്രമാണിച്ച് 14.64 ശതമാനം താരിഫ് വർദ്ധനവും , യൂണിറ്റൊന്നിന് 90 പൈസാ വർദ്ധനവും ആണ് കെ.എസ്.ഇ.ബി.എൽ ആവശ്യപ്പെട്ടിരുന്നത്. 2022-23 സാമ്പത്തിക വർഷത്തിൽ ഗാർഹിക ഉപഭോക്താക്കൾക്ക് 35 പൈസാ മുതൽ 70 പൈസയും തുടർന്നുള്ള വർഷങ്ങളിൽ യൂണിറ്റൊന്നിന് 10 പൈസയുടേയും ഫിക്സഡ് ചാർജ്ജിനത്തിൽ നാമമാത്രമായ വർദ്ധനവാണ് ശുപാർശ ചെയ്തിരിക്കുന്നത്. |
| (സി) | പ്രസ്തുത ശിപാർശയുടെ അടിസ്ഥാനത്തിൽ വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുണ്ടോയെന്നും യൂണിറ്റിന് എത്ര രൂപയാണ് വർദ്ധിപ്പിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ; | (സി) | കേരളാ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 25.06.2022-ൽ പുറപ്പെടുവിച്ച താരിഫ് ഉത്തരവു പ്രകാരം, 26.06.2022 മുതൽ പുതുക്കിയ വൈദ്യുതി താരിഫ് സംസ്ഥാനത്ത് നിലവിൽ വന്നിട്ടുണ്ട്.<br><br>പ്രസ്തുത താരിഫ് പരിഷ്കരണം മൂലം പ്രതിവർഷം ശരാശരി 6.6% വർദ്ധനവ് വൈദ്യുതിയുടെ നിരക്കുകളിൽ വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ടി താരിഫ് പരിഷ്കരണത്തിലൂടെ യൂണിറ്റൊന്നിന് ഏകദേശം 40 പൈസയുടെ വർദ്ധനവ് ഉണ്ടാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. എന്നാൽ കാർഷിക വിഭാഗത്തിന്റെയും, അനാഥാലയങ്ങൾ, വൃദ്ധസദനങ്ങൾ, അംഗൻവാടികൾ തുടങ്ങിയ വിഭാഗങ്ങളുടെയും വൈദ്യുതി ചാർജ്ജിൽ വർദ്ധനവ് നടത്തിയിട്ടില്ല എന്ന കാര്യം പ്രസക്തമാണ്. |
| (ഡി) | വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കാനുണ്ടായ സാഹചര്യം വിശദമാക്കാമോ? | (ഡി) | വൈദ്യുതി നിയമം -2003 പ്രകാരം സംസ്ഥാനത്തെ വൈദ്യുതിയുടെ നിരക്ക് നിശ്ചയിക്കുന്നതിനുള്ള പരമാധികാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ മാത്രം നിക്ഷിപ്തമാണ്. ഇതിലേക്കായി വൈദ്യുതി നിയമം 2003-ലെ, സെക്ഷൻ 61 പ്രകാരം പുറപ്പെടുവിക്കുന്ന താരിഫ് റെഗുലേഷനെ ആധാരമാക്കി ലൈസൻസികൾ തങ്ങളുടെ വരവുചെലവു കണക്കുകളുടെ എസ്റ്റിമേറ്റായ ARR പെറ്റീഷനും റവന്യൂകമ്മിയുണ്ടെങ്കിൽ ആയത് ഉപഭോക്താക്കളിൽ നിന്ന് ഈടാക്കാനുള്ള താരിഫ് പെറ്റീഷനും സമർപ്പിക്കേണ്ടതാണ്.<br><br>റെഗുലേറ്ററി കമ്മീഷൻ നവംബർ2021-ൽ പുറപ്പെടുവിച്ച പുതുക്കിയ മാനദണ്ഡങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് |

2022-23 മുതൽ 2026-27 വരെയുള്ള 5 വർഷക്കാലത്തേക്കുള്ള ARR പെറ്റീഷൻ, താരിഫ് പരിഷ്കരണ നിർദ്ദേശങ്ങൾ കെ.എസ്.ഇ.ബി .എൽ 31.01.2022, 10.02.2022 എന്നീ തീയതികളിൽ സമർപ്പിക്കുകയുണ്ടായി. റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച കണക്കുകളുടെ സംക്ഷിപ്തം **അനുബന്ധമായി** ചേർത്തിട്ടുണ്ട്.

റെഗുലേറ്ററി കമ്മീഷൻ നിലവിൽ വന്നതിനുശേഷം സംസ്ഥാനത്ത് ആദ്യമായി വൈദ്യുതി താരിഫ് പരിഷ്കരണം നടന്നിട്ടുള്ളത് 2002-ലാണ്. പ്രസ്തുത പരിഷ്കരണം കഴിഞ്ഞ് പത്ത് വർഷ കാലയളവിനു ശേഷം 2012-ലാണ് അടുത്ത താരിഫ് പരിഷ്കരണം നടന്നത്. പിന്നീട് 2013,2014,2017,2019, എന്നീ വർഷങ്ങളിലും താരിഫ് പരിഷ്കരണം നടന്നിട്ടുണ്ട്. 2012–ൽ 24%, 2013-ൽ 9.17% 2014–ൽ 6.7%, 2017-ൽ 4.77% 2019–ൽ 7.32% എന്നിങ്ങനെയായിരുന്നു വർദ്ധനവ് എന്നിരുന്നാലും ഈ താരിഫ് പരിഷ്കരണങ്ങളൊന്നും തന്നെ അന്ന് നിലവിലുണ്ടായിരുന്ന റവന്യൂ കമ്മി പൂർണ്ണമായും നികത്തുന്ന തരത്തിലായിരുന്നില്ല. കമ്മീഷൻ അംഗീകരിച്ചതും എന്നാൽ 2021 വരെ താരിഫിലൂടെ നികത്താത്തതുമായ പഴയ കാല റവന്യൂ കമ്മി 7124 കോടിയോളം രൂപയായി നിലനിൽക്കുന്നു.

2016 – ലെ ദേശീയ വൈദ്യുതി നിയമമനുസരിച്ച് അംഗീകരിക്കപ്പെട്ട വരുമാന കമ്മി ഏറിയ പക്ഷം ഏഴ് വർഷം കൊണ്ട് അതിന്റെ പലിശ ഉൾപ്പെടെ നികത്തിയെടുക്കേണ്ടതാണ്.

ഊർജ്ജ മേഖലയിൽ 2019-ന് ശേഷം വന്ന മാറ്റങ്ങൾ കൽക്കരി വിലയിൽ ഉണ്ടായ വർദ്ധനവ്, പാരിസ്ഥിതിക ആഘാതം കുറക്കുന്നതിനുവേണ്ടി നിർബന്ധമായും പാലിക്കേണ്ട കാര്യങ്ങൾ , കസ്റ്റംസ് തീരുവ, കൽക്കരി ക്ഷാമം, Ash Transportation എന്നിവ കാരണം വൈദ്യുതി വാങ്ങൽ ചെലവ് ഗണ്യമായി കൂടിയിട്ടുണ്ട്. രാജ്യത്തിലെ കൽക്കരി ക്ഷാമം കാരണം കേന്ദ്ര വൈദ്യുതി മന്ത്രാലയം രാജ്യത്തിലെ താപവൈദ്യുതി നിലയങ്ങളോട് 10% മുതൽ 30% വരെ രാജ്യത്തിന് പുറത്തുനിന്നും ഇറക്കുമതി ചെയ്യുന്ന കൽക്കരി നിർബന്ധമായി ഉപയോഗിക്കാൻ നിർദ്ദേശം നൽകിയിട്ടുള്ളതിനാൽ വൈദ്യുതി വാങ്ങലിന് വേണ്ടി ചാർജ്ജിൽ 29% മുതൽ 87% (യൂണിറ്റിന് 1 രൂപ മുതൽ 1.50 രൂപ വരെ) വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

കേരളത്തിന്റെ ഉപഭോക്തൃ മിശ്രിതത്തിന്റെ പ്രത്യേകത പരിശോധിച്ചാൽ മൊത്തം ഉപഭോക്താക്കളുടെ 73

| | | | |
|---|---|---|---|
| | | | ശതമാനവും ശരാശരി വൈദ്യുതി വിലയേക്കാൾ കുറഞ്ഞ നിരക്കിൽ വൈദ്യുതി ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കളാണ് എന്ന് കാണാം. കൂടാതെ മൊത്തം ഉപഭോക്താക്കളുടെ 77 ശതമാനവും ക്രോസ് സബ്സിഡി ആനുകൂല്യം (വൈദ്യുതിയുടെ ശരാശരി വിലയേക്കാൾ താഴെ നിരക്കുള്ളവർ) ലഭിക്കുന്നവരാണ്. മൊത്തം ഉപഭോഗത്തിന്റെ 51 ശതമാനവും വൈദ്യുതിയുടെ ശരാശരി വിലയേക്കാൾ വളരെ കുറഞ്ഞ നിരക്കിലുള്ള ഗാർഹിക ഉപഭോഗമായതിനാൽ കുറഞ്ഞൊരളവിലെങ്കിലും പ്രസ്തുത വിഭാഗം ഉപഭോക്താക്കൾക്ക് താരിഫ് വർദ്ധനവ് അനിവാര്യമായി. താരിഫ് പരിഷ്കരണം മൂലം മൊത്തത്തിൽ 6.58% വർദ്ധനവ് വൈദ്യുതിയുടെ നിരക്കുകളിൽ വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. നിലവിലുള്ള പണപ്പെരുപ്പം, ഉപഭോക്തൃ വിലസൂചികകൾ എന്നിവയുമായി താരതമ്യപ്പെടുത്തുമ്പോൾ വർദ്ധനവ് കുറവാണെന്നും കാണാം.<br><br>Rural Electrification Corporation (REC) ഏറ്റവും ഒടുവിൽ പുറത്തിറക്കിയ കണക്ക് പ്രകാരം സംസ്ഥാനങ്ങളും കേന്ദ്ര ഭരണപ്രദേശങ്ങളും അടക്കം 36 യൂണിറ്റുകളിൽ, 13 യൂണിറ്റുകളിൽ മാത്രമേ വ്യാവസായിക ആവശ്യത്തിന് കേരളത്തേക്കാൾ കുറവ് വൈദ്യുതി ചാർജ് ഉള്ളൂ. കൂടാതെ ഇടതടവില്ലാതെയുള്ള വൈദ്യുതി ലഭ്യതയിൽ (Uninterrupted Power Supply)–ൽ കേരളം രാജ്യത്ത് മുൻപന്തിയിലാണ്. അയൽ സംസ്ഥാനങ്ങളിലെല്ലാം കേരളത്തെക്കാൾ ഉയർന്ന താരിഫിലാണ് വ്യവസായങ്ങൾക്ക് വൈദ്യുതി നൽകി വരുന്നത്. കേരളത്തിൽ വ്യവസായങ്ങൾക്ക് വൈദ്യുതിയുടെ ശരാശരി വിലയേക്കാൾ കുറഞ്ഞ താരിഫിലാണ് വൈദ്യുതി നൽകി വരുന്നത്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ കെ.എസ്.ഇ.ബി.എൽ സമർപ്പിച്ച കണക്കുകളുടെ സംക്ഷിപ്തം

| വർഷം | 2022-23 | 2023-24 | 2024-25 | 2025-26 | 2026-27 |
|---|---|---|---|---|---|
| *റവന്യൂ കമ്മി (കോടി രൂപയിൽ) | 2852.58 | 4029.19 | 4180.26 | 4666.64 | 5179.29 |
| താരിഫ് പരിഷ്കരണം ശുപാർശ ചെയ്തത് | 2249.10 | 786.13 | 370.92 | 487.72 | 252.03 |

*ഈ റവന്യൂകമ്മിയിൽ മുൻകാല റവന്യൂകമ്മിയുടെ ഒരു ഭാഗവും ഉൾപ്പെട്ടിട്ടുണ്ട്.

Imsno

**സെക്ഷൻ ഓഫീസർ**

RG